# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 645 — 01/12/2015-ൽ മറുപടിയ്ക്ക്

## ജനനി ജന്മരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടി നടപ്പിലാക്കുന്ന ജനനി ജന്മരക്ഷ പദ്ധതിയുടെ സഹായം നാളിതുവരെ എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് ; | (എ) | 11850 പേർക്ക് ജനനി ജന്മരക്ഷ പദ്ധതി സഹായം ലഭിച്ചിട്ടുണ്ട്. |
| (ബി) | അർഹരായ എത്ര പേരുടെ അപേക്ഷയിന്മേൽ തീർപ്പുകൽപ്പിക്കാനുണ്ട്; കാലതാമസത്തിനുള്ള കാരണമെന്ത് എന്ന് അറിയിക്കുമോ; | (ബി) | അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടെയും/മുലയൂട്ടുന്ന അമ്മമാരുടെയും അപേക്ഷകൾ പരിഗണിച്ച് ഗഡു തുകകൾ നല്കി വരുന്നു. നാളിതുവരെ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തിരം മണിയോർഡറായാണ് തുക അയച്ചിരുന്നത്. വിവിധ കാരണങ്ങളാൽ ചിലത് മടങ്ങി വന്നിട്ടുണ്ട്. ആയത് അർഹരായവർക്ക് നേരിട്ട് നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ മേഖലാ ഓഫീസ് മുഖാന്തിരം ഗഡു തുക വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുകയും ടി തുക വിതരണം ചെയ്തു വരികയും ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ സഹായം ലഭ്യമായിട്ടും ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് അന്വേഷിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (സി) | ആദിവാസി മേഖലകളിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്ന സാഹചര്യം നിലവിലില്ല. |

| | | | |
|---|---|---|---|
| (ഡി) | ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവിധ പദ്ധതികളുടെ സഹായം പ്രസ്തുത മേഖലയിലെ ഗുണഭോക്താക്കളിൽ എത്തുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തുമോ ? | (ഡി) | ആദിവാസി മേഖലകളിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ ഫലം യഥാസമയം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടെന്ന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ